കേരള സർക്കാർ

www.lfa.kerala.gov.in

# തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി).പി.2/852/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൽപ്പറ്റ,വയനാട്
ഫോൺ: 04936 203672
ഇ-മെയിൽ: dowyd.ksad@kerala.gov.in
തീയതി: 20.12.2016.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-3 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-7, 3-14, 3-15 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി).പി.4/838/2016 തിയ്യതി: 16.12.2016.

<u>വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.01.16 മുതൽ 29.02.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ.ചക്രേശ്വര. ആർ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.2016 മുതൽ<br>01.12.2016 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.നവാസ്.കെ.എം.,അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സമീർ.എം. സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | കുമാരി. ലത. ടി.കെ. ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബിന്ദു ബാബു. | 01.04.2015-31.10.2015 |
| | ശ്രീ.കുര്യക്കോസ്.പി.എ. | 01.11.2016-31.03.2016 |
| വൈസ് പ്രസിഡന്റ് | ശ്രീ.ഇ.കെ. കുഞ്ഞാമൻ<br>ശ്രീമതി ആൻസിജോയി | 01.04.2015 31.10.2015<br>01.11.2016-31.03.2016 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ. | ശ്രീമതി. ഗ്രേസി | 01.04.2015-31.10.2015 |
| | ശ്രീ. രവീന്ദ്രൻ | 01.11.2015-31.03.2016 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീമതി. റംല | 01.04.2015-31.10.2015 |
| | ശ്രീമതി ശ്രീജ രാജേഷ് | 01.11.2015-31.03.2016 |
| | ശ്രീമതി. ഗീത | 01.04.2015-31.10.2015 |
| ആരോഗ്യ/വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ. അഷർ അലി | 01.11.2015-31.03.2016 |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.ഇ.കെ.ബാലകൃഷ്ണൻ | 01.04.2015 - 31.03.2016 |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.റിയ ലളിത് | 01.04.2015 - 31.03.2016 |
| ടി.ഇ.ഒ | ശ്രീ .മജിദ് | 01.04.2015 - 31.03.2016 |

| | | |
|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ | അപ്സര ജോസഫ് | 01.04.2015- 31.03.2016 |
| വെറ്ററിനറി സർജൻ | ഡോ.ടി ശിവദാസൻ | 01.04.2015 - 31.03.2016 - |
| വി ഇ ഒ | ശ്രീ.ശ്രീജിത്ത് .വി.എം. | 01.04.2015 - 31.03.2016 - |
| കൃഷി ഓഫീസർ | ശ്രീമതി.രജനി .ജി.വി | 01.04.2015 - 31.03.2016 - |
| അസി .എഞ്ചിനീയർ | ശ്രീ.ബൈജു.എ | 01.04.2015 - 31.03.2016 - |
| ഹെഡ് മാസ്റ്റർ | ശ്രീ.സത്യൻ | 01.04.2015 - 31.03.2016 |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ .ശാന്തിനി | 01.04.2015 - 31.03.2016 |

ഉള്ളടക്കം


| | | |
|---|---|---|
| 1 | 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| ഭാഗം 1 | | |
| 2 | 1- 1 | ബജറ്റ് |
| 3 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 4 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 5 | 1-4 | സാമ്പത്തിക വിശകലനം |
| 6 | 1-5 | ഫണ്ട് വിനിയോഗം |
| 7 | 1-6 | പദ്ധതി അവലോകനം. |
| 8 | 1-7 | ക്ഷേമ പദ്ധതികൾ |
| 9 | 1-8 | തനത് വരുമാനം. |
| 10 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 12 | 1-10 | ആഭ്യന്തരനിയന്ത്രണം,രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് |
| 13 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 | | |
| 16 | 2-1 | സിൽവർസ്റ്റോ ബെനഡിക്ടൻ കോൺഗ്രിഗേഷൻ മക്കിയാട്- വസ്തുനികുതി ഡിമാന്റ് ചെയ്തതിൽ 3742/-രൂപ കുറവ് |

| | | |
|---|---|---|
| 17 | 2-2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - 2,41,615/-രൂപ കടിശ്ശിക |
| 18 | 2-3 | വസ്തുനികുതി രേഖകൾ പൂർണ്ണമല്ല |
| 19 | 2-4 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. |
| 20 | 2-5 | ഡി ആന്റ് ഒ ലൈസൻസ് സമയപരിധിക്കം ലൈസൻസ് എടുക്കുന്നില്ല |
| 21 | 2-6 | മിനി വ്യവസായ കേന്ദ്രവും ബസ്സ് വേ കം ഷോപ്പിംഗ് കോംപ്ലക്സ് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല |
| ഭാഗം 3 | | |
| 22 | 3-1 | വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| 23 | 3-2 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ അപാകതകൾ |
| 24 | 3-3 | ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾക്കായി വാങ്ങുന്ന നിർമ്മാണ സാധനങ്ങൾക്ക് വിൽപ്പനനികുതി ഈടാക്കിയ ബില്ല് ഇല്ല |
| 25 | 3-4 | ഗുണഭോക്തൃസമിതി പ്രവൃത്തി മാനദണ്ഡങ്ങൾ പാലിച്ചില്ല |
| 26 | 3-5 | കരാറുകാരൻ കരാർ ചമക്കാൻ കാലതാമസം വരുത്തുന്നു- നടപടി സ്വീകരിച്ചില്ല |
| 27 | 3-6 | വികസന ഫണ്ട് ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനും സെക്രട്ടറിക്കും ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ വാങ്ങി |
| 28 | 3-7 | കരാറുകാരനിൽ നിന്നും കാലി ബാരൽ വില ഈടാക്കിയില്ല |
| 29 | 3-8 | കരാറുകാരനിൽ നിന്നും അധികം ടാക്സ് ഈടാക്കി |
| 30 | 3-9 | നിരവിൽപ്പുഴ വ്യവസായ കേന്ദ്രം കം ഷോപ്പിംഗ് കോംപ്ളക്സ് പ്രവർത്തനം ആരംഭിച്ചിട്ടില്ല |
| 31 | 3-10 | നീക്കം ചെയ്ത മണ്ണ് ഫിൽ ചെയ്യാൻ ഉപയോഗിച്ചില്ല. |
| 32 | 3-11 | പഞ്ചായത്തിന് വിട്ടുകിട്ടാത്ത സ്ഥാപനത്തിന് തുക ചെലവഴിച്ചു. |
| 33 | 3-12 | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പച്ചക്കറി നടീൽ വസ്തുക്കൾ, വളം വിതരണം അപാകങ്ങൾ |
| 34 | 3-13 | ആട് ഗ്രാമം സബ്സിഡി മാർഗ്ഗ രേഖ പാലിച്ചിട്ടില്ല |
| 35 | 3-14 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ രേഖകൾ ഹാജരാക്കിയില്ല |

| | | |
|---|---|---|
| 36 | 3-15 | മുട്ടക്കോഴി വിതരണം സബ്സിഡി മാർഗ്ഗ രേഖ പാലിച്ചിട്ടില്ല |
| ഭാഗം 4 | | |
| 37 | 4-1 | സംയുക്ത പ്രൊജക്ട് |
| 38 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 39 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 40 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 41 | 4-5 | സ്ഥിരം നിക്ഷേപങ്ങൾ |
| 42 | 4-6 | ഓഡിറ്റ് റിക്കവറി |
| 43 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ |
| 44 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 45 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 20.3.2015 ലെ 17/15 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 28.7.16 | ഓഡിറ്റ് സമയത്ത് പരിശോധിച്ചു | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്കുളിലെ അപാകതകൾ

2015-16 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്രാമ പഞ്ചായത്തിന്റെ വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ റിക്കൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാർ പിരിച്ചെടുക്കുന്ന വാറ്റ് ,ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. വിവിധ നികുതി ,നികുതി ഇതര തൻവർഷ ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി

സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. വിവിധ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും കണക്കുകൾ തിട്ടപ്പെടുത്താതെയും വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ എങ്ങനെ കണക്കാക്കി എന്ന് വ്യക്തമാക്കണം.
5. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല
6. ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും സെക്രട്ടറി നേരിട്ടും നൽകിയ ടെണ്ടർ ഫോറം വിൽപ്പന വഴി ലഭിച്ച തുകയുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
7. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ്, വാർഷിക കണക്ക് (ഇൻകം & എക്സ്പെന്റീച്ചർ അക്കൗണ്ട് I-6) MNREGA ക്യാഷ് ബുക്ക് മറ്റ് രേഖകൾ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
8. വിവിധ ക്ഷേമ പെൻഷനുകളുടെ DBT പ്രകാരമുള്ള തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ തുകയുമായി പൊരുത്തപ്പെടുന്നില്ല.
9. രശിത് & പേമെൻറ് അക്കൗണ്ട് RP 31 വിവിധ വരവ് രേഖപ്പെടുത്തിയത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.
10. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല
11. സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
12. ആസ്തി രജിസ്റ്റർ സർക്കാർ ഉത്തരവ് പ്രകാരം തയ്യാറാക്കി പൂർത്തിയാക്കിയിട്ടില്ല. തൻവർഷം നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന വിവിധ പ്രൊജക്റ്റുകളിലായി ഫർണിച്ചറുകൾ , കമ്പ്യൂട്ടറുകൾ തുടങ്ങി ധാരാളം സാധന സാമഗ്രികൾ വാങ്ങുന്നുണ്ട്. മാത്രമല്ല ഇത്തരത്തിൽ വാങ്ങുന്ന സാധനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. സെക്രട്ടറി പൊതു നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഇത്തരം വാങ്ങലുകൾ നടത്താത്തതും പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതും സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.
13. പഞ്ചായത്തിനു പിരിഞ്ഞ് കിട്ടാനുള്ളവയിൽ സംശയമാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
14. വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.
15. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് A+B+C, വാർഷിക കണക്കിലെ മുൻബാക്കിയും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല.
16. ജി.ഒ.(പി)419/15/ഫിൻ/19/09/2015 പ്രകാരമുള്ള കൃത്യമായ കണക്കുകൾ തയ്യാറാക്കിയിട്ടില്ല.
17. വയനാട് ജില്ലാ പഞ്ചായത്ത് തൻവർഷം വർഷത്തിൽ പ്രഭാത ഭക്ഷണത്തിന് നൽകിയ 4,30,144/- രൂപ (ചെക്ക്/ഡി.ഡി നം തീയതി എന്നിവ ലഭ്യമല്ല) ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം കൈപ്പറ്റുകയും ആയത് തനത് ഫണ്ട് അക്കൗണ്ടിൽ ഓഡിറ്റ് വർഷം നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം പ്രഭാത ഭക്ഷണം വിതരണത്തിന് സംയുക്ത പ്രൊജക്റ്റ് ഇല്ല. തുക കൈപ്പറ്റിയത് ഏത് സർക്കാർ ഉത്തരവ് അടിസ്ഥാനമാക്കിയാണ് എന്ന് വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണം.
18. തനത് ഫണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.തനത് ഫണ്ട് അക്കൗണ്ടിൽ ആയത് മാത്രം നിക്ഷേപിക്കേണ്ടതാണ്.
19. ICDS, എം.എൽ.എ ഫണ്ട്, തുടങ്ങി പ്രത്യേകാവശ്യങ്ങൾക്ക് നൽകിയ തുക തനത്ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. പ്രത്യേകാവശ്യങ്ങൾക്ക് അനുവദിക്കുന്ന തുക തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചിലവഴിക്കുകയും ചെയ്യുന്നു. ഇത് സംബന്ധിച്ച് വിശദീകരിക്കണം. ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-17, B-4 എന്നിവ തമ്മിൽ കൃത്യത ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല.

20. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാരിൽ നിന്നും അലോട്ട്മെന്റ് നൽകിയതിന്റെ തൊട്ടടുത്ത മാസം 5ാം തീയതിക്ക് മുമ്പായി ചെലവ് വിവരം/വിനിയോഗ സാക്ഷ്യപത്രം വാങ്ങുന്നില്ല
21. വസ്തു നികുതി മുൻവർഷങ്ങളിലെ അധിക ഡിമാന്റ് ക്രമീകരിച്ചതിന്റെ വിശദവിവരങ്ങൾ ലഭ്യമല്ല.
22. 2014-15 വർഷത്തിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

( ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് )

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,52,18,365 |
| വരവ് | 9,82,04,410 |
| ആകെ | 14,34,22,775 |
| ചെലവ് | 12,05,07,776 |
| നീക്കിയിരിപ്പ് | 2,29,14,999 |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| പ്ലാൻ ജനറൽ | | | | | | | |
| വികസന ഫണ്ട് | 26,98,483 | 13143,279 | 10377247 | 26219009 | 16025417 | -- | 10193592 |
| സി.എഫ്.സി | 943169 | 9124050 | ------ | 10067219 | 5819061 | 3713673 | 5,34,485 |
| ലോകബാങ്ക് വിഹിതം | 4402016 | 4102016 | ------ | 8504032 | 4399203 | 4102016 | 2813 |
| പ്ലാൻ എസ്.സി.പി | 1250500 | 912200 | ------ | 2162500 | 7,00,000 | 6,70,500 | 7,92,000 |
| പ്ലാൻ ടി.എസ്.പി | 5184358 | 12268058 | ------ | 17452416 | 9817629 | 1891058 | 5743729 |
| എം.ജി. നോൺ റോഡ് | 15,89,885 | 40,51,000 | ------ | 5640885 | 4500021 | ----- | 1140864 |
| എം.ജി. റോഡ് | 797248 | 8658000 | ------ | 9455248 | 9164915 | ------- | 290333 |
| ജനറൽ പർപ്പസ് | 41,50,343 | 68,50,093 | ------ | 11000436 | 3776295 | ----- | 7224141 |
| ബി. ഫണ്ട്. | ------ | 464659 | ------ | 464659 | 464659 | ----- | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി | ------ | 2662587 | ------ | 2662587 | 2662587 | ----- | 0 |
| തനത് | 14857612 | 1289521 | ------ | 16147133 | 3592099 | ---- | 12555034 |
| വായ്പ | ------ | 16000000 | | 16000000 | 16000000 | ---- | 0 |
| മറ്റിനം | ------ | ------ | ------ | ------ | ------ | ------ | ------ |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാ | പദ്ധതി | ഭാഗികമായി | നടപ്പാ | പൂർത്തീ |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | ക്കിയത് (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 8,80,41,080 | 157 | 6,66,11,784 | 10 | 35 | 93.6% |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 101520 | 95 |
| കർഷകതൊഴിലാളി പെൻഷൻ | 4824240 | 566 |
| വിധവാപെൻഷൻ | 9622640 | 931 |
| വാർദ്ധക്യകാലപെൻഷൻ | 6848700 | 857 |
| വികലാംഗപെൻഷൻ | 2414910 | 262 |

## 1-8 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് /കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 29,99,294 | 6,89,800 | (-) 2309494 | (-)22.99% |
| നികുതിയേതര വരവുകൾ | 14,49,340 | 13,58,82,882 | (+) 13,44,33,542 | (+)98.93% |
| മറ്റ് വരവുകൾ | 64,70,642 | 68,50,093 | (+) 379451 | (+)5.5% |
| ആകെ | 109,19,276 | 14,34,22,775 | (+)13,25,03,499 | (+)92.38% |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.12.2016 ന് 2.45 pm മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ആറായിരത്തി നാനൂറ്റി മുപ്പത്തിമൂന്ന് രൂപാമാത്രം (6,433/-രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം,രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ ചേരുന്നുണ്ട്. ഓഫീസ് ഓർഡർ നൽകുകയും ചെയ്യുന്നുണ്ട്.

പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും അവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. തപാലുകൾ സെക്ഷനിലേക്ക് നൽകുന്നതിന്റെ തീർപ്പാക്കലുകൾ നിരീക്ഷിക്കാൻ കഴിയുന്നില്ല. പഞ്ചായത്ത് യോഗങ്ങളുടെ തീരുമാനം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പ്രൊജക്ട് രജിസ്റ്റർ, സബ്സിഡി രജിസ്റ്റർ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്ററർ, മാസ്റ്റർ ഇൻകുംബൻസി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, വസ്തുനികുതി അനുബന്ധ രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നില്ല.

ടി .ആർ 7 എ ക്യാഷ് ബുക്ക്

1.ഐ.സി.ഡി.എസ് സൂപ്പർവൈസർ - ബിൽസിസ്റ്റം പ്രകാരം നിയതമായ രീതിയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

2.മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) - പദ്ധതി വിഹിതം ചെലവഴിക്കുന്നതിനായി പ്രത്യേകം ടി .ആർ 7 എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നു.

3. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെറ്ററിനറി സർജൻ - ടി.ആർ 7 എ ക്യാഷ് ബുക്ക് ഉപയോഗിക്കുന്നില്ല. ഇടപാടുകൾ രേഖപ്പെടുത്തുന്ന ക്യാഷ് ബുക്കിൽ വരവ് ചെലവ് കണക്കുകൾ സർക്കാർ നിർദേശപ്രകാരം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

4. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ - രേഖകളുടെയും രജിസറ്ററുകളുടെയും സൂക്ഷിപ്പ് തൃപ്തികരമല്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.08.2016 – 22.08.2016 | 1.4.2016 -30.6.2016 | 6/16/07.09.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.09.2009n -26.09.2009 | 2004-05 – 2008-09 | LBA(HQ)v/8A-1486/1302/ 26.9.09 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സിൽവർസ്റ്റോ ബെനഡിക്ടൻ കോൺഗ്രിഗേഷൻ മക്കിയാട്- വസ്തുനികുതി ഡിമാന്റ് ചെയ്യതിൽ 3,742/-രൂപ കുറവ്

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിശോധനയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ഡിമാന്റ് ചെയ്യതിൽ കുറവ്.

ജി.ഒ(പി).20/2011/ത.സ്വ.ഭ.വ. തീയ്യതി 14.01.2011 പ്രകാരം (2011കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും

സേവന നികുതിയും സർച്ചാർജ്ജും ചട്ടങ്ങൾ).അനുസരിച്ച് തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് 20.06.2011 ൽ 62/11 നമ്പർ തീരുമാനം പ്രകാരം പാസാക്കിയ വസ്തുനികുതി പരിഷ്കരണ മാനദണ്ഡങ്ങൾ പ്രകാരം 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നീ വ്യവസായങ്ങൾക്കുള്ള നിരക്ക് 60/- രൂപ/ച.മീ എന്ന നിരക്കിലാണ് . എന്നാൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 148.52 ച.മീ തറവിസ്തീർണ്ണമുള്ള സെക്രട്ടറി, സിൽവർസ്റ്റോ ബെനഡിക്ടൻ കോൺഗ്രിഗേഷൻ മക്കിയാട് എന്ന സ്ഥാപനത്തിന് സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി നിർണ്ണയം നടത്തിയത് 40/- രൂപ/ച.മീ എന്ന നിരക്കിലാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

ഉടമസ്ഥന്റെ പേര് - സെക്രട്ടറി, സിൽവർസ്റ്റോ ബെനഡിക്ടൻ കോൺഗ്രിഗേഷൻ മക്കിയാട്

കെട്ടിടത്തിന്റെ തരം - വാണിജ്യം

തറവിസ്തീർണ്ണം - 148.52 ച.മീ

അടിസ്ഥാന നികുതി നിരക്ക് - 40

മേഖല - പ്രഥമം

നികുതി നിരക്കിലുള്ള വർദ്ധനവ് - 20% (വഴി സൗകര്യം )

<u>നികുതി നിർണ്ണയിച്ചത്</u>

അടിസ്ഥാന നികുതി 148.52x40 = 5940

വർദ്ധനവ് -20% = 1188.16

ആകെ നികുതി = 7129.

ലൈബ്രറി സെസ്സ് = 357

ആകെ 7,486/-

<u>നികുതി നിർണ്ണയിക്കേണ്ടത്</u>

അടിസ്ഥാന നികുതി 148.52x60 = 8911.2

വർദ്ധനവ് -20% = 1782.24

ആകെ നികുതി = 10693.44

ലൈബ്രറി സെസ്സ് = 535.

ആകെ = 11,228/-

വ്യത്യാസം = 11228 – 7486 = 3742/-രൂപ

മേൽ സ്ഥാപനം 2015-16 സാമ്പത്തിക വർഷത്തെ വസ്തുനികുതി 11501100712/02/07/2015നം രസീത് പ്രകാരം 7,486/- രൂപയാണ് ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. 11,228/- രൂപ ഈടാക്കേണ്ടുന്നതിന് പകരം 7,486/- രൂപ നികുതിയിനത്തിൽ ഈടാക്കുകവഴി പ്രതിവർഷം 3,742/-രൂപ വസ്തു നികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ഓഡിറ്റ് എൻക്വയറി.നം. 8/15-16, തീയ്യതി 09.12.2016 ന് ഗ്രാമപഞ്ചായത്തിന് സംഭവിച്ച വരവ് നഷ്ടം 3,742/- രൂപ ഈടാക്കുന്നതിനും നികുതി പുനർനിർണ്ണയം നടത്തി ഭാവിയിൽ നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 <u>മൊബൈൽ ടവറുകളുടെ വസ്തുനികുതി - 2,41,615/-രൂപ കടിശ്ശിക</u>

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിശോധനയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ 2015-16 വരെ കടിശ്ശികയായ വസ്തു നികുതിയും ലൈബ്രറിസെസ്സും ഉൾപ്പെടെ ഈടാക്കാനുള്ളവയുടെ വിശദവിവരം ചുവടെ

ചേർക്കുന്നു.

| ക്രമ നം | അസ്സസ്സെമെന്റ് നമ്പർ | ഉടമസ്ഥൻ/കമ്പനി | തറ വിസ്തീർണ്ണം | ഈടാക്കാനുള്ള കുടിശ്ശിക വിവരം (സഞ്ചയ ഡിമാന്റ് പ്രകാരം) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 1/484 | ഐഡിയ ടവർ, കുഞ്ഞോം | 35 ച.മി | 44,100 | 2013-14മുതൽ 2015-16 വരെ |
| 2 | 6/50 | എം.എസ് ഇൻഡസ് ടവേർസ് ലിമിറ്റഡ് 75882ഫ്ളോർ ,പുതുശ്ശേരി | 11ച.മി | 19,059 | 2013-14മുതൽ 2015-16 വരെ |
| 3 | 10/45 | ഇൻഡസ് ടവേർസ് ലിമിറ്റഡ് ,കൊച്ചിൻ | 40.5 ച.മീ | 69148 | 2012-13മുതൽ 2015-16 വരെ |
| 4 | 12/87 | റിലയൻസ് മൊബൈൽ ടവർ | 15ച.മീ | 23625 | 2013-14തൽ 2015-16 വരെ |
| 5 | 12/88 | ഡയ്റക്ടർ കോറോം | 15ച.മീ | 23625 | 2013-14തൽ 2015-16 വരെ |
| 6 | 13/22 | എം.കെ നാരായണൻ ഐഡിയ ടവർ, എസ്സാർ ടെലികോം,ഇൻഫ്രാ സ്ടക്ചർ, പ്രൈ.ലിമിറ്റഡ് മാസ്റ്റർ സ്ക്വയർ, കൊച്ചിൻ | 15ച.മീ | 23625 | 2013-14മുതൽ 2015-16 വരെ |
| 7 | 15/70 | സി.വി സന്തോഷ്, സർക്കിൾ ഹെഡ് എം.ഐ.എസ് ടവർ വിഷൻ ഇന്ത്യ 28/3318,ബി ഫസ്റ്റ് ഫ്ളോർ മസ്കറ്റ് ടവർ കടവന്ത്ര | 15ച.മീ | 25989 | 2013-14മുതൽ 2015-16 വരെ |
| 8 | 12/71 | ബി.എസ്.എൻ.എൽ ടവർ | 35ച.മീ | 6381 | 2013-14മുതൽ 2015-16 വരെ |
| 9 | 12/72 | ബി.എസ്.എൻ.എൽ ടവർ | 35ച.മീ | 6063 | 2013-14മുതൽ 2015-16 വരെ |
| | | | | 2,41,615/- | |

19.09.2012 ലെ സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി) 2640/2012 പ്രകാരം ബി.എസ്.എൻ.എൽ മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതുവരെ പ്രവർത്തനക്ഷമമായ ക്രമ നമ്പർ 8,9 എന്നീ ബി.എസ്.എൻഎൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ലന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം. 6/15-16, തീയ്യതി 07.12.2016) യ്ക്ക് കുടിശ്ശിക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതിയിനത്തിലുള്ള 2,41,615/-രൂപ കുടിശ്ശികയും മറ്റ് വസ്തുനികുതി കുടിശ്ശികയും ഈടാക്കി ഒടുക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൽ അനുശാസിക്കും പ്രകാരം ചാർജ് നടപടികൾക്കായി ശുപാർശ ചെയ്യുന്നതാണ്.

## 2-3 വസ്തുനികുതി രേഖകൾ പൂർണ്ണമല്ല

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക കണക്ക് പ്രകാരം വസ്തുനികുതിയിൽ തൻവർഷ കുടിശ്ശികയിനത്തിൽ 2,65,779/- രൂപയും 2014-15 വരെയുള്ള കുടിശ്ശികയിനത്തിൽ 9,85,192/- രൂപയും പിരിച്ചെടുക്കാനുള്ളതായി കാണുന്നു. വസ്തുനികുതി അനുബന്ധ രേഖകൾ പൂർണ്ണമല്ലാത്തതിനാൽ കുടിശ്ശികയുടെ കൃത്യതയും സഞ്ചയ സ്റ്റോറ്റ് വെയറിൽ ഉൾപ്പെടുത്തിയ ഡാറ്റാകളുടെ പൂർത്തികരണ വിവരവും സംബന്ധിച്ച് ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കേണ്ടതും മറ്റ് വസ്തുനികുതി അനുബന്ധ രേഖകൾ പൂർത്തികരിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, നാളിതുവരെ രേഖകൾ പൂർത്തികരിക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതുമാണ് എന്നീ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം. 6/15-16, തീയ്യതി 07.12.2016) യ്ക്ക് കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും രേഖകൾ പൂർത്തികരിച്ച് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി രേഖകൾ പൂർത്തികരിച്ചും കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് തയ്യാറാക്കിയും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-4 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന അപാകത സംബന്ധിച്ച നല്കിയ ഓഡിറ്റ്എൻക്വയറിക്ക് (6/15-16 തീയതി 07.12.2016) വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നും തനത് വരുമാനത്തിൽ നഷ്ടം ഉണ്ടാവുന്നില്ല എന്നും ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-5 ഡി ആന്റ് ഒ ലൈസൻസ് സമയപരിധിക്കം ലൈസൻസ് എടുക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ് എടുത്ത 181 സ്ഥാപനങ്ങളിൽ 13 സ്ഥാപനങ്ങൾ മാത്രമാണ് നിയമം അനുശാസിക്കുന്ന സമയത്തിനകം ലൈസൻസ് എടുത്ത് പ്രവർത്തിച്ച് വന്നിട്ടുള്ളത്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര് മേൽ വിലാസം | തരം | രസീത് നം. തീയതി |
|---|---|---|---|---|
| 1 | XV/35 | സി.കെ. ഹംസ<br>ചെട്ടിയാർക്കണ്ടി, മട്ടിലയം | പലചരക്ക് കട | 11501101870/01.12.2015 |
| 2 | XII/571 | രാധ പുതിയടത്ത് കോമ്പിൽ | ബേഗ് | 11501101915/01.01.2016 |

| | | | | |
|---|---|---|---|---|
| | | തൊണ്ടർനാട് | നിർമാമാണം | |
| 3 | XV/110 | കുഞ്ഞുബ്ദുള്ള<br>മുക്രി ഹൗസ്, തൊണ്ടർനാട് | മത്സ്യം വിൽപ്പ | 11501101924/13.1.2016 |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 [1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും പഞ്ചായത്ത് പ്രദേശത്ത് ഏതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് [ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ] ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിന് മുമ്പായും പുതിയതായി തുടങ്ങുന്നതിനുള്ള അപേക്ഷകൾ പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസങ്ങൾക്ക് മുമ്പായും സമർപ്പിക്കേണ്ടതാണ്. ഇത് പ്രകാരം 2015-16 വർഷത്തേക്ക് ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ 2015 ജനുവരി ഒന്നാം തിയ്യതിക്കകം സമർപ്പിക്കേണ്ടതായിരുന്നു. 2015-16 വർഷത്തിൽ ലൈസൻസ് പുതുക്കുന്നതിന് ആകെ ലഭിച്ച 329 അപേക്ഷകളിൽ ഒന്നും തന്നെ നിശ്ചിത സമയക്രമം പാലിച്ചിട്ടില്ല. സാമ്പത്തിക വർഷ ആരംഭം മുതൽ (1/4/2015) 2016 മാർച്ച് 31 വരെ പുതുക്കുന്നതിന് അപേക്ഷ സ്വീകരിക്കുകയും പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും ഈ സ്ഥാപനങ്ങൾ ചട്ട പ്രകാരം മതിയായ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്നാണ് വ്യക്തമാകുന്നത്.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 255 പ്രകാരം ചട്ട ലംഘനങ്ങൾക്ക് "ആയിരം" രൂപയോളം വരുന്ന പിഴയോ, തുടർന്ന് കൊണ്ടിരിക്കുന്ന ലംഘനങ്ങളുടെ കാര്യത്തിൽ ആദ്യ ലംഘനത്തിന് ശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും 50/- രൂപയിൽ കവിയാത്ത പിഴ ചുമത്തി ശിക്ഷിക്കാവുന്നതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് [ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ] ചട്ടങ്ങൾ ചട്ടം 26 കാണുക.].

മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക നമ്പർ 2-3ൽ സൂചിപ്പിച്ചിട്ടും യാതൊരു നടപടിയും എടുത്തതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സാഹചര്യം ഉണ്ടായിരുന്നിട്ടുകൂടി തദ്ദേശ സ്ഥാപന സെക്രട്ടറി, ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ എന്നിവർ ഇക്കാര്യത്തിൽ വേണ്ടത്ര പരിശോധന നടത്തി കുറ്റക്കാരിൽ നിന്നും പിഴ ഈടാക്കിയതായി കാണുന്നില്ല. യഥാസമയം ഫീസ് ഒടുക്കുന്നതിന് ലൈസൻസികളെ പ്രേരിപ്പിക്കുന്നില്ല. മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിലും എക്സിറ്റ് മീറ്റിംഗിലും സമയപരിധിയ്ക്കകം ലൈസൻസ് എടുക്കുന്നതിന് ഭരണസമിതി, വ്യാപാരി വ്യവസായി ഏകോപനസമിതിയുമായി ആലോചിച്ച് നടപടിയെടുക്കുന്നതാണെന്ന് സെക്രട്ടറിയും പ്രസിഡണ്ടും അറിയിച്ചിട്ടുണ്ട്. കച്ചവട സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഭരണസമിതിയും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഉറപ്പ് വരുത്തേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-6 മിനി വ്യവസായ കേന്ദ്രവും ബസ്സ് ബം കം ഷോപ്പിംഗ് കോംപ്ലക്സ് പദ്ധതിലക്ഷ്യം കൈവരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ മിനി വ്യവസായ കേന്ദ്രവും ബസ്സ് ബേ കം ഷോപ്പിംഗ് കോംപ്ലക്സ് പദ്ധതി നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ എഞ്ചിനീയർ വിഭാഗത്തിൽ നിന്നും ലഭ്യമായ കണക്ക് അനുസരിച്ച് താഴെ പറയുന്ന രീതിയിലാണ് ഫണ്ട് ലഭ്യമായി ചെലവഴിച്ചിട്ടുള്ളത്

2009 - 10 – വികസന ഫണ്ട് (ജനറൽ ) - 12,50,595/-

2010 – 11 - വികസന ഫണ്ട് (ജനറൽ ) – 3,48,053/-

2011 - 12 – ലോകബാങ്ക് ധനസഹായം - 11,55,168/-

2012 - 13 - ലോകബാങ്ക് ധനസഹായം - 2,90,743/-

30,44,559/- രൂപ

നിലവിൽ 30,44,559/- രൂപ ചെലവഴിച്ച് പൂർത്തികരിച്ച മിനി വ്യവസായ കേന്ദ്രവും ബസ്സ് ബേ കം ഷോപ്പിംഗ് കോംപ്ലക്സിലെ 9 മുറികൾ (XV/107 A മുതൽ XV/107 I വരെ യുള്ളവ) 2015 – 16 വർഷത്തിൽ കെട്ടിട നമ്പർ നൽകി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി. ഷോപ്പിംഗ് കോംപ്ലക്സ് അനുബന്ധ ബൈലോ അംഗീകരിച്ചും 07/07/2015 ലെ 64/15 നമ്പർ ഭരണസമിതി തീരുമാന പ്രകാരവും 10.08.2015 ലെ ലേല നടപടികളിലൂടെ 6 മുറികൾ (XV/107 A മുതൽ XV/107 G വരെയുള്ള) ലേലം ചെയ്തുവെങ്കിലും വാടക തുക കുറഞ്ഞുവെന്ന കാരണം കാണിച്ച് 13.08.2015 ലെ 74/15 നമ്പർ ഭരണസമിതി തീരുമാന പ്രകാരം പുനർലേലം നടത്തി വാടക നിശ്ചയിച്ച് വാടകക്കാർക്ക് നൽകുന്നതിന് തീരുമാനിച്ചു. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനതകൾ കാണുന്നു.

1. അടിസ്ഥാന സൗകര്യം ഒരുക്കാതെയാണ് ലേല നടപടികൾ സ്വീകരിച്ചിട്ടുള്ളത്

2. 6 മുറികൾ (XV/107 A മുതൽ XV/107 G വരെയുള്ള ) ലേലം ചെയ്തുവെങ്കിലും രണ്ട് മുറികളുടെ ഉടമസ്ഥർ മാത്രമാണ് (XV/107 A, XV/107 D) എഗ്രിമെന്റ് വെച്ചിട്ടുള്ളത്.

3.ലേലം കൊണ്ട മുറികൾക്ക് 6 മാസത്തെ വാടക ഓഫീസിൽ മുൻകൂറ് അടച്ച് കരാറിൽ ഏർപ്പെടുവാൻ 19.09.2015 ലെ എ3-3206/15 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും രണ്ട് പേർ ഒഴികെ മറ്റ് ആരും കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല.

4.വാടക ഡിമാന്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5 കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

6. XV/107 A മുറിയുടെ വാടകകാരൻ മാത്രമാണ് വാടക ഒടുക്കി വരുന്നത്.

മേൽ അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് 17.12.2016 ലെ 22 ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മിനി വ്യവസായ കേന്ദ്രവും ബസ്സ് ബേ കം ഷോപ്പിംഗ് കോംപ്ലക്സ് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും മേൽ ചൂണ്ടി കാണിച്ച അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

2015-16 വർഷത്തിൽ നടത്തിയ വിവിധ ചെലവുകൾ സംബന്ധിച്ച് വിവിധ ഏജൻസികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| ഡിഡിനം/തീയതി | പ്രവൃത്തി/ആവശ്യം | തുക | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|
| Vr. no. 21500739/17.2.16 | IAY TSP 2015-16 | 17,22,500 | mananthavady block pt |
| vr no. 21500738/17.2.16 | IAY scp 2015-16 | 60,000 | mananthavady block pt |
| vr no 21500737/17.2.16 | IAY general 2015-16 | 5,60,000 | mananthavady block pt |

2015-16 വർഷത്തിൽ നടത്തിയ വിവിധ ചെലവുകൾ സംബന്ധിച്ച് വിവിധ ഏജൻസികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-2 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ അപാകതകൾ

a) PHC ക്ക് മരുന്ന് വാങ്ങൽ-- മരുന്ന്മുഴുവനും ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | PHC ക്ക് മരുന്ന് വാങ്ങൽ S/200/2016 |
| നിർവ്വഹണം | Medical officer PHC തൊണ്ടർനാട് |
| അടങ്കൽ | 100000/- രൂപ (MG Non road) |
| ചെലവ് | 100000/- രൂപ<br>dd no 240998/29.1.2016 |
| മരുന്ന് വിതരണം നടത്തിയ സ്ഥാപനം | KMSCL തിരുവനന്തപുരം |

നാളിതുവരെ 47,195/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. മരുന്ന് മുഴുവൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

b) വാഹന വാടക - ട്രിപ്പ് ഷീറ്റ് പൂർണ്ണമല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | രോഗ പ്രതിരോധ പ്രവർത്തന ചെലവ് S/89/2016 |
| നിർവ്വഹണം | Medical officer PHC തൊണ്ടർനാട് |
| അടങ്കൽ | 70000/- രൂപ(CFC) |
| ചെലവ് | 34300/- രൂപ bill no 6/13.10.2015 |

വാഹന വാടക നൽകാനാണ് 34,300/- രൂപ ചെലവഴിച്ചത്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ട്രിപ്പ് ഷീറ്റിൽ starting kilometer, ending kilometer, total distance travelled എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അപാകത ഭാവിയിൽ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികൾക്കായി വാങ്ങുന്ന നിർമ്മാണ സാധനങ്ങൾക്ക് വിൽപ്പനനികുതി ഈടാക്കിയ ബില്ല് ഇല്ല

2003-ലെ കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം താഴെ കൊടുത്ത നിർമ്മാണ സാധനങ്ങൾക്ക് 14.5 % നിരക്കിൽ മൂല്യവർദ്ധിത നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | ചരക്ക് | പട്ടിക | നികുതി നിരക്ക് |
|---|---|---|---|
| 2249 | STONE CRUSHED | V | 14.5% |
| 6244 | M SAND | V | 14.5% |

2015-16 സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃസമിതികൾ വഴി നടപ്പിലാക്കിയ മരാമത്ത്

പ്രവൃത്തികൾക്കെല്ലാം മേൽ പട്ടികയിലെ ഇനങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ശരിയായ ബില്ലിന് പകരം കൈപ്പറ്റ് രശീതുകളാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്. സ്റ്റോൺ ക്രഷറുകൾക്ക് വാറ്റ് രജിസ്ട്രേഷൻ ഉള്ളതിനാൽ നിർമ്മാണ സാധനങ്ങൽ വാങ്ങിക്കുമ്പോൾ മൂല്യവർദ്ധിതനികുതി രേഖപ്പെടുത്തിയ ഒറിജിനൽ ബില്ലുകൾ തന്നെ വാങ്ങിക്കേണ്ടതാണ്. ഒറിജിനൽ ബില്ലുകൾ വാങ്ങിക്കാത്ത സാഹചര്യത്തിൽ സർക്കാർ ഖജനാവിന് വൻ നികുതി ചോർച്ച ഉണ്ടാകുന്നു. ഇത്തരത്തിൽ സാധനങ്ങൾ വാങ്ങിച്ചതിന്റെ എതാനും ഉദാഹരണം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ജില്ലി/കരിങ്കല്ല് | | | |
|---|---|---|---|---|---|
| | | 20 mm | | 60mm | |
| | | അളവ് | തുക | അളവ് | തുക |
| 1 | കരമൊട്ടമ്മൽ റോഡ് സോളിംഗ്<br>അടങ്കൽ-300000<br>കൺവീനർ-വെള്ളൻ | | | | 126000 |

സർക്കാർ ഖജനാവിന് ലക്ഷകണക്കിന് രൂപയുടെ ധന നഷ്ടം ഉണ്ടാക്കുന്ന മേൽ കാര്യം തടയുന്നതിന് ഭരണസമിതി നടപടിയെടുക്കേണ്ടതാണ്.

## 3-4 ഗുണഭോക്തൃസമിതി പ്രവൃത്തി മാനദണ്ഡങ്ങൾ പാലിച്ചില്ല.

ഗുണഭോക്തൃസമിതി പ്രവൃത്തി മാനദണ്ഡങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സബ്സിഡി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്) 248/2012/ത.സ്വ.ഭ.വ, 29.09.2012) ഖണ്ഡിക 7.11.6 പ്രകാരം ഗുണഭോക്തൃസമിതിയുടെ ചെയർമാനും കൺവീനറും അംഗങ്ങളും ഗുണഭോക്തൃ പ്രദേശത്തെ അംഗങ്ങളാണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും ഖണ്ഡിക 7.11.9 പ്രകാരം ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കുന്ന 5 ലക്ഷം രൂപയിൽ കൂടുതൽ മൂല്യമുള്ള പ്രവൃത്തികളുടെ ഗുണഭോക്തൃ കമ്മിറ്റിയിൽ ഒരു സാങ്കേതിക വിദഗ്ധനെ ഉൾപ്പെടുത്തേണ്ടതുമാണ് (ആയത് അനുസരിച്ച് കരാർ ഉടമ്പടിയിൽ വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്). എന്നാൽ ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ മേൽ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ പ്രസ്തുത നിബന്ധനകൾ പാലിച്ചിട്ടില്ല. ഇതിനുപുറമേ പ്രവൃത്തി നിർവ്വഹണത്തിന്റെ രേഖകൾ പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ താഴെ പറയുന്നു.

a) മിനുട്ട്സ് ബുക്ക് : ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്നതായി കാണുന്നില്ല. ബാങ്കിൽ നിന്ന് എത്ര രൂപ പിൻവലിക്കണം, സാധനങ്ങൾ ഏത് നിരക്കിൽ എവിടെ നിന്ന് വാങ്ങണം, എത്ര തൊഴിലാളികളെ നിയോഗിക്കണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചതായി മിനുട്ട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല.

b)മസ്റ്റർറോൾ : മസ്റ്റർറോളികളിൽ തൊഴിലാളികൾ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർറോളിൽ തൊഴിലാളികൾ തീയതിവെച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. തീയതിവെച്ച് ഒപ്പിടാത്ത മസ്റ്റർറോളുകൾ അസാധുവാണ്.

c) ബാങ്ക് അക്കൗണ്ട് : മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃസമിതിയുടെ പണമിടപ്പാടുകൾ ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് വഴി ആയിരിക്കണം. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച ഗുണഭോക്തൃസമിതി വർക്കുകളുടെ ഫയലുകളിൽ ഒന്നും ബാങ്ക് അക്കൗണ്ടിന്റെ രേഖയില്ല (ബാങ്ക് പാസ്സ് ബുക്ക്).

d) വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.

e) ദൈനംദിന ഡയറി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

f) വൗച്ചറുകളിൽ ചെയർമാൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിഷയങ്ങൾക്ക് വിശദീകരണവും അധിക വിവരങ്ങൾ ഉണ്ടെങ്കിൽ ആയതും ലഭ്യമാക്കേണ്ടതാണ്.

## 3-5 കരാറുകാരൻ കരാർ ചമക്കാൻ കാലതാമസം വരുത്തുന്നു-നടപടി സ്വീകരിച്ചില്ല

2015-16 വർഷത്തിൽ നടപ്പിലാക്കിയ വിവിധ പ്രവൃത്തികളിൽ കരാറുകാരൻ കരാർ ചമക്കാൻ കാലതാമസം വരുത്തുന്നു. എന്നാൽ അസി. എഞ്ചിനിയർ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

a)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നെടും പുറം കവല കൊല്ലരിക്കൽ റോഡ് ടാറിംഗ് 156/2016 |
| നിർവ്വഹണം | അസി. എഞ്ചിനിയർ |
| കരാറുകാരൻ | ജിജോ മാത്യു |
| ടെണ്ടർ അംഗീകരിച്ച തീയതി | 12.5.2015 |
| കരാർ ചമച്ച തീയതി | 29.7.15 |

b)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കാഞ്ഞിരങ്ങാട് പെരിഞ്ചേരി മല റോഡ് ടാറിംഗ് 154/2016 |
| നിർവ്വഹണം | അസി. എഞ്ചിനിയർ |
| കരാറുകാരൻ | K A അയ്യൂബ് |
| ടെണ്ടർ അംഗീകരിച്ച തീയതി | 12.5.2015 |
| കരാർ ചമച്ച തീയതി | 29.7.15 |

c)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാണ്ടിക്കൽ മുടപ്പെട്ടി റോഡ് ടാറിംഗ് 152/2016 |
| നിർവ്വഹണം | അസി. എഞ്ചിനിയർ |
| കരാറുകാരൻ | അബ്ദുൾ കരീം |
| ടെണ്ടർ അംഗീകരിച്ച തീയതി | 12.5.2015 |
| കരാർ ചമച്ച തീയതി | 29.7.15 |

d)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ചാലിൽ എട്ടുണ്ട കോളനി റോഡ് ടാറിംഗ് 153/2016 |
| നിർവ്വഹണം | അസി. എഞ്ചിനിയർ |
| കരാറുകാരൻ | T J ജോസ് |
| ടെണ്ടർ അംഗീകരിച്ച തീയതി | 12.5.2015 |
| കരാർ ചമച്ച തീയതി | 29.7.15 |

e)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാതിരി മന്ദം പുതിയിടത്ത് കൊമ്പിൽ റോഡ് ടാറിംഗ് 153/2016 |
| നിർവ്വഹണം | അസി. എഞ്ചിനിയർ |
| കരാറുകാരൻ | ജിജോ മാത്യൂ |
| ടെണ്ടർ അംഗീകരിച്ച തീയതി | 12.5.2015 |
| കരാർ ചമച്ച തീയതി | 29.7.15 |

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14ദിവസം കഴിഞ്ഞ് 10ദിവസത്തിനുള്ളിൽ കരാറുടമ്പടി വച്ചില്ലെങ്കിൽ PAC യുടെ 1%(minimum Rs1000- maximum 25000)പിഴയോടുകൂടി കരാറുടമ്പടി വെയ്ക്കാം. 14ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞും കരാറുടമ്പടി വച്ചില്ലെങ്കിൽ കരാർ റദ്ദാക്കണം. മേൽപറഞ്ഞ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ താൽപ്പര്യപ്പെടുന്നു.

## 3-6 വികസന ഫണ്ട് ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനും സെക്രട്ടറിക്കും ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ വാങ്ങി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഓഫീസ് കമ്പ്യൂട്ടർ വൽക്കരണം ഗ്രാമപഞ്ചായത്ത് S/218/2016 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 336300/- രൂപ (CFC, വികസന ഫണ്ട്) |
| ചെലവ് | 1)97633/- രൂപ(വികസന ഫണ്ട്)<br>vr. no. 21500977/31.3.2016<br>2)238667/- രൂപ (CFC)<br>vr. no. 21500982/31.3.2016 |
| വിതരണം നടത്തിയ സ്ഥാപനം | KELTRON, തിരുവനന്തപുരം |

മേൽ പ്രോജക്റ്റ് പ്രകാരം 5 desk top computer, 1 printer, 2 lap top computer എന്നിവയാണ് വാങ്ങിയത്. പ്രസിഡന്റിനും സെക്രട്ടറിക്കും വേണ്ടിയാണ് ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയത്.

05/04/2013 – ലെ ജി. ഉ. (എം.എസ്സ്) 915/2013/ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ടോ ജനറൽ പർപ്പസ് ഗ്രാന്റോ ഉപയോഗിച്ച് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനും സെക്രട്ടറിക്കും ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് മേൽ പ്രോജക്റ്റ് പ്രകാരം 92,999/- രൂപ വികസന ഫണ്ട് (dd.no 241346/6.05.2016)ഉപയോഗിച്ചാണ് പ്രസിഡന്റിനും സെക്രട്ടറിക്കും ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയിട്ടുള്ളത്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച തുക 92,999 /- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-7 കരാറുകാരനിൽ നിന്നും കാലി ബാരൽ വില ഈടാക്കിയില്ല

2015-16 വർഷത്തിൽ നടപ്പിലാക്കിയ ചില പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും കാലി ബാരൽ വില ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

a)

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പെരളോം ഗീത എസ്റ്റേറ്റ് റോഡ് ടാറിംഗ് 145/2016 M.book 39/15-16 |
| കരാറുകാരൻ | ശ്രീ. കെ അയ്യൂബ് |
| ഉപയോഗിച്ച ടാർ ബാരലുകൾ | 12 |
| ഈടാക്കേണ്ട തുക | 1,440/- |

b)

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | മരച്ചുവട് മണിക്കല്ല് റോഡ് ടാറിംഗ് 147/2016 , Mbook 43/15-16 |
| കരാറുകാരൻ | ശ്രീ. അബ്ദുൾ കരീം |
| ഉപയോഗിച്ച ടാർ ബാരലുകൾ | 18 |
| ഈടാക്കേണ്ട തുക | 2,160/- |

c)

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പുതുശ്ശേരി വീട്ടിയാമ്പറ്റ റോഡ് ടാറിംഗ് 151/2016, Mbook 38/15-16 |
| കരാറുകാരൻ | ശ്രീ.ജിമ്മി ജെയിംസ് |
| ഉപയോഗിച്ച ടാർ ബാരലുകൾ | 12 |
| ഈടാക്കേണ്ട തുക | 1,440/- |

d)

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ചാലിൽ എടമുണ്ട റോഡ് ടാറിംഗ് 145/2016 Mbook 38/15-16 |
| കരാറുകാരൻ | ശ്രീ. T J ജോസഫ് |
| ഉപയോഗിച്ച ടാർ ബാരലുകൾ | 12 |
| ഈടാക്കേണ്ട തുക | 1,440/- |

e)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാണ്ടിക്കൽ മുടപ്പെട്ടി റോഡ് ടാറിംഗ് 152/2016 Mbook 42/15-16 |
| കരാറുകാരൻ | ശ്രീ. അബ്ദുൾ കരീം |
| ഉപയോഗിച്ച ടാർ ബാരലുകൾ | 12 |
| ഈടാക്കേണ്ട തുക | 1,440/ |

ഒഴിഞ്ഞ ബാരൽ വിലയായ 7,920/- രൂപ ഈടാക്കേണ്ടതാണ്

## 3-8 കരാറുകാരനിൽ നിന്നും അധികം ടാക്സ് ഈടാക്കി

2015-16 വർഷത്തിൽ നടപ്പിലാക്കിയ ചില പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും അധികം ടാക്സ് ഈടാക്കി. ടെണ്ടർ കുറവ് ക്വോട്ട് ചെയ്ത കരാറുകാരിൽ നിന്നും ടാക്സ് ഈടാക്കുമ്പോൾ ആകെ മൂല്യ നിർണ്ണയത്തിൽ നിന്നും ടെണ്ടർ കുറവ് ക്വോട്ട് കുറവ് ചെയ്തതിനു ശേഷമാണ് നികുതി ഈടാക്കേണ്ടത്. എന്നാൽ ചില പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയത്തിൽ നിന്നും ആണ് ടാക്സ് ഈടാക്കിയത്.

ഉദാഹരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കൊളമ്പകൊല്ലി കൊല്ലിയിൽ നടപ്പാത കോൺക്രീറ്റ് 77/2016, Mbook 50/15-16 |
| കരാറുകാരൻ, ക്വോട്ട് ചെയ്ത നിരക്ക് | ജിജു മാത്യു, 20.3 % below |
| ആകെ മൂല്യ നിർണ്ണയം | 6,00,000/- |
| ഈടാക്കേണ്ട നികുതി | Vat 4% 19128, IT 1% 4782, CWWF 1% 4782<br>ആകെ 28,692/- |
| ഈടാക്കിയ നികുതി | Vat 4% 24000, IT 1% 6000, CWWF 1% 6000<br>ആകെ 36,000/- |
| ആകെ അധികം ഈടാക്കിയ നികുതി | 7,308/- |

അപാകതയ്ക്ക് മറുപടി നൽകേണ്ടതാണ്.

## 3-9 നിരവിൽപ്പുഴ വ്യവസായ കേന്ദ്രം-കം-ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനം ആരംഭിച്ചിട്ടില്ല

2015-16 വർഷത്തിൽ നിരവിൽപ്പുഴ വ്യവസായ കേന്ദ്രം-കം-ഷോപ്പിംഗ് കോംപ്ളക്സിനായി 2 പ്രവൃത്തികൾ നടപ്പിലാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

a)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വ്യവസായ കേന്ദ്രം കം ഷോപ്പിംഗ് കോംപ്ലക്സ് നിരവിൽപ്പുഴ യാർഡ് കോൺക്രീറ്റ് 232/2016 |
| കൺവീനർ | ശ്രീ. കുഞ്ഞികൃഷ്ണൻ മാസ്റ്റർ |

| | |
|---|---|
| ചെലവ് | 3,29,271/- |
| വൗച്ചർ നം | 106/15-16 |

b)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | നിരവിൽപ്പുഴ വ്യവസായ കേന്ദ്രം റിപ്പയർ 48/2016 വരാന്ത റൂഫ് |
| കൺവീനർ | ശ്രീ.കുഞ്ഞികൃഷ്ണൻ മാസ്റ്റർ |
| ചെലവ് | 1,88,658/- |
| വൗച്ചർ നം | 23/15-16 |

നിലവിൽ നിരവിൽപ്പുഴ വ്യവസായ കേന്ദ്രം കം ഷോപ്പിംഗ് കോംപ്ലക്സ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. മറുപടി നൽകേണ്ടതാണ്.

## 3-10 നീക്കം ചെയ്ത മണ്ണ് ഫിൽ ചെയ്യാൻ ഉപയോഗിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 155/16 |
| അടങ്കൽ | 3,50,000/- രൂപ (CFC grant) |
| അളവുപുസ്തകം നമ്പർ. | 54/15-16 |
| കൺവീനർ | ശ്രീ. T അമ്മദ് |
| കരാർ നമ്പർ | 05/15-16 Dt.1-7-15 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

പൂരിഞ്ഞി കുണ്ടറകൊല്ലി പാലം സൈഡ് സംരക്ഷണം എന്ന പ്രവൃത്തിയുടെ ഒന്നാമത്തെ ഇനമായ “Earth work excavation in all classes of soil and depositing with lead up to 1.5 m including all labuor charge etc. complete.” പ്രകാരം ആകെ 31.36 $M^3$ മണ്ണ് 10 $M^3$ ന് 1,452/- രൂപ നിരക്കിൽ കിളച്ചെടുത്തിട്ടുണ്ട്. അഞ്ചാമത്തെ ഇനം പ്രവൃത്തിയായ "Earth filling with contractors' own earth by earth work excavation in ordinary soil and fillingout earth with lead upto 5 km by lorry including neat banking for site levelling and consolidation by power roller” എന്ന ഇനം പ്രവൃത്തി 10 $M^3$ ന് 2,204/- രൂപ നിരക്കിൽ 120 $M^3$ മണ്ണ് ഉപയോഗിച്ചിട്ടുണ്ട്. ഒന്നാമത്തെ ഇനം പ്രകാരം കുഴിച്ചെടുത്ത മണ്ണ് നികത്തുന്നതിന് ഉപയോഗിച്ചിട്ടില്ല എന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. മറുപടി നൽകേണ്ടതാണ്.

## 3-11 പഞ്ചായത്തിന് വിട്ടുകിട്ടാത്ത സ്ഥാപനത്തിന് തുക ചെലവഴിച്ചു.

2015-16 വർഷം പഞ്ചായത്തിന് വിട്ടുകിട്ടാത്ത സ്ഥാപനത്തിന് വേണ്ടി താഴെപ്പറയുന്നതുകചെലവഴിച്ചു.

| പ്രോജക്ട് നമ്പർ | പ്രോജക്ട് | നിർവഹണം | ഫണ്ട് | ചെലവഴിച്ച തുക | വൗച്ചർ നമ്പർ |
|---|---|---|---|---|---|
| 198/16 | ജനതാ ഗ്രന്ഥശാല റിപ്പയർ | അസി. എഞ്ചിനീയർ | MG non road | 200000/- | 84/15-16 |

മേൽപ്പറഞ്ഞ സ്ഥാപനം പഞ്ചായത്തിന്റെ ആസ്തിയല്ല. ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കെട്ടിടം പണിഉനൽകാവുന്നത് ജില്ലാപഞ്ചായത്തുകൾക്ക് മാത്രമാണ്. പഞ്ചായത്തിന്റെ ആസ്തികൾക്കല്ലാതെ, ഭൂമിപോലും വിട്ടുകിട്ടാതെ 2,00,000/- രൂപ ചെലവഴിച്ചത് തടസ്സപ്പെടുത്തുന്നു.

## 3-12 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പച്ചക്കറി നടീൽ വസ്തുക്കൾ, വളം വിതരണം അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് പേര് | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പച്ചക്കറി നടീൽ വസ്തുക്കൾ, വളം വിതരണം |
| പ്രോജക്ട് നമ്പർ | എസ് 0101/16 |
| അടങ്കൽ | 500000 (വികസന ഫണ്ട്) |
| | 50000 ഗു.വിഹിതം (സ്ഥാപനത്തിൽ അടക്കുന്നത്) |
| ബിൽ നമ്പർ | 2/15-16 തീയതി 17/2/16 തുക 300000 |
| | 7/15-16 തീയതി 26/3/16 തുക 200000 |
| നിർവ്വഹണം | കൃഷി ഓഫീസർ |

ഗ്രാമപഞ്ചായത്ത് പരിധിയിലെ മുമ്പ് ആനുകൂല്യം കൈപ്പറ്റാത്ത 100 കുടുംബശ്രീ യൂണിറ്റുകൾക്ക്, ഗ്രൂപ്പ് ഒന്നിന് 3,000/- രൂപയുടെ പച്ചക്കറി തൈകളും 2,500/- രൂപയുടെ ജൈവ വളവും നൽകുകയാണ് പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. ഇതിലേക്കായി വികസന ഫണ്ട് (13 -ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) അഞ്ച് ലക്ഷം രൂപയും ഗുണഭോക്തൃവിഹിതമായി 50,000/- രൂപയുമടക്കം ആകെ 5,50,000/- രൂപ അടങ്കലായി വകയിരുത്തുകയും 5,00,000/- രൂപ മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

പ്രോജക്ട് പ്രകാരം ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടക്കേണ്ടതാണ്. ഗുണഭോക്തൃവിഹിതം ഈടാക്കിയതായി കാണുന്നില്ല. ജൈവവളം നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി വിതരണം നടത്തേണ്ടതാണ്. എന്നാൽ ആയത് വിതരണം നടത്തിയതായി കാണുന്നില്ല. യൂണിറ്റുകൾക്ക് 2,000/- രൂപ വീതം പണമായി നൽകിയതായി കാണുന്നു. ഇത് പ്രൊജക്ട് വിഭാവനം ചെയ്തതിന് വിരുദ്ധമാണ്.

പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയിട്ടില്ല. പദ്ധതിയുടെ നിർവ്വഹണത്തിലൂടെ ഉണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടില്ല. ഗുണഭോക്താക്കൾ പച്ചക്കറികൃഷി നടത്തിയ ഭൂമിയുടെ വിവരങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ഇല്ല. പച്ചക്കറി തൈകൾ ജൈവവളം എന്നിവ വിതരണം നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് വിശദീകരികണവും രേഖകളും ലഭ്യമക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖ, പ്രൊജക്ട് എന്നിവക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിനാൽ 5,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 ആട് ഗ്രാമം സബ്സിഡി മാർഗ്ഗരേഖ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് പേര് | ആട് ഗ്രാമം |
| പ്രോജക്ട് നമ്പർ | എസ് 0158/16 |
| അടങ്കൽ | 3,00,000/- (വികസന ഫണ്ട്) |
| | 75,000/- ഗു.വിഹിതം(നേരിട്ട് ചിലവഴിക്കുന്നത്) |

| | |
|---|---|
| ബിൽ നമ്പർ | LSG 6/15-16 തീയതി 28/3/16<br>തുക 2,60,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

ഗ്രാമപഞ്ചായത്ത് പരിധിയിലെ മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിക്കാത്ത 15 കുടുംബ ശ്രീ യൂണിറ്റുകൾക്ക് ഒരു യൂണിറ്റായി വളർത്തുന്നതിന് 4 ആടുകളെ വീതം ( ഒരു ആടിന് 5,000/- രൂപ വീതം വിലയുള്ളത്) നൽകുന്നതിന് വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഒരു യൂണിറ്റിന് പരമാവധി 20,000/- രൂപ സബ്സിഡി നൽകുന്നു. മേൽ ബിൽ പ്രകാരം 13 യൂണിറ്റുകൾക്ക് 20,000/- രൂപ വീതം ആകെ 2,60,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭ.വ തിരുവനന്തപുരം തീയതി 16/11/13 ഖ.3.2 പ്രകാരം അഞ്ച് വീതം ആടുകളുള്ള യൂണിറ്റുകൾക്കാണ് 20,000/- രൂപ (പൊതുവിഭാഗം) നൽകേണ്ടത്. ഇവിടെ നൽകിയത് 4 ആടുകൾ വീതമുള്ള യൂണിറ്റുകൾക്കാണ്.

ആടിന്റെ വില, സ്പെസിഫിക്കേഷൻ തുടങ്ങിയ നിശ്ചയിക്കേണ്ടത് ജില്ലാ മൃഗസംരക്ഷണ വകുപ്പാണ്. ആയത് ഹാജരാക്കിയിട്ടില്ല. ഇത് കണക്കാതെയാണ് ആടിനെ പ്രൊക്യുയർമെന്റ് കമ്മിറ്റി മുഖേനയോ, അല്ലെങ്കിൽ പർച്ചേസിംഗ് കമ്മിറ്റി മുഖേനയോ, നിർവ്വഹണ ഉദ്യോഗസ്ഥന്റെ അനുവാദ പ്രകാരം ഗുണഭോക്താക്കൾ നേരിട്ടോ വാങ്ങാവുന്നതാണ്. വാങ്ങുന്ന മൃഗത്തിന്റെ ഗുണനിലവാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തണം. ഹാജരാക്കിയ രേഖകൾ പ്രകാരം ഏത് കുടുംബശ്രീ യൂണിറ്റുകൾക്കാണോ സബ്സിഡി അനുവദിച്ചത്, പ്രസ്തുത യൂണിറ്റിലെ അംഗം തന്നെ അതേ യൂണിറ്റിന് ആടുകളെ വിറ്റിരിക്കുന്നു. ഇത്തരം യൂണിറ്റുകൾക്ക് ആനുകൂല്യം അനുവദിച്ചത് സംബന്ധിച്ച് വിശദീകരിക്കണം.

പദ്ധതി സംബന്ധിച്ച് മോണിറ്ററിംഗ് തുടർമോണിറ്ററിംഗ് എന്നിവ നടത്തിയിട്ടില്ല. പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കേണ്ടതാണ്. 2,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾരേഖകൾ ഹാജരാക്കിയില്ല

2015-16 വർഷത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ തുക പിൻവലിച്ചതിന്റെ വൗച്ചറുകൾ, ഗുണഭോക്തൃലിസ്റ്റ് തുടങ്ങിയ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമാണ് ഹാജരാക്കിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9 തീയതി 09/12/2016 ന് തൃപ്തികരമായി മറുപടി ലഭ്യമാക്കുകയോ, രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ | | | ആകെ | ചെലവഴിച്ച തുക പദ്ധതി ചെലവ് പത്രിക പ്രകാരം |
|---|---|---|---|---|---|---|
| | | ടി.എസ്.പി | ധനകാര്യ കമ്മീഷൻ അവാർഡ് | മറ്റുള്ളവ | | |
| 1 | എസ്.റ്റി.വിദ്യാർത്ഥികൾക്ക് യൂണിഫോം | 550000 | | | 550000 | 533200 |
| 2 | എസ്.റ്റി.വിദ്യാർത്ഥികൾക്ക് കുട, ബാഗ്, കിറ്റ് | 600000 | | | 600000 | 495800 |

| | | | | | | |
|---|---|---|---|---|---|---|
| 3 | ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം | 350000 | | | 350000 | 268867 |
| 4 | റ്റി.ഇ.ഒ ഓഫീസിന് കമ്പ്യൂട്ടർ, മേശ, ഫർണിച്ചർ,കസേര വാങ്ങൽ | | 100000 | | 100000 | 66999 |
| 5 | പട്ടികവർഗ്ഗ ഭവന നിർമ്മാണം (ജനറൽ) | 5550000 | | | 5550000 | 2940000 |
| 6 | വിധവ ഭവന നിർമ്മാണം | 100000 | | | 1000000 | 990000 |
| 7 | വിവിധ വർഷങ്ങളിലെ വിധവ ഭവന നിർമ്മാണ പൂർത്തീകരണം | 125000 | | | 125000 | 120000 |
| 8 | വിവിധ വർഷങ്ങളിലെ പട്ടികവർഗ്ഗ ഭവന നിർമ്മാണം (ജനറൽ) പൂർത്തീകരണം | 400000 | | | 400000 | 385000 |
| 9 | എസ്.ടി വനിത ഭവന നിർമ്മാണ പൂർത്തീകരണം | 600000 | | | 600000 | 420000 |
| 10 | ഇ.എം.എസ് ഭവന നിർമ്മാണ പൂർത്തീകരണം 2009-10 | 628250 | | | 628250 | 18750 |
| | ആകെ | | | | | 6238616 |

രേഖകളുടെ അഭാവത്തിൽ 62,38,616/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-15 മുട്ടക്കോഴി വിതരണം സബ്സിഡി മാർഗ്ഗരേഖ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് പേര് | വനിത സ്വയം സഹായ സംഘങ്ങൾക്ക് മുട്ടക്കോഴി വിതരണം |
| പ്രോജക്ട് നമ്പർ | എസ് 0158/16 |
| അടങ്കൽ | 499841 (വികസന ഫണ്ട്) |
| | 1,66,614/- ഗു.വിഹിതം (സ്ഥാപനത്തിൽ അടക്കുന്നത്) |
| ബിൽ നമ്പർ | LSG 415-16 തീയതി 23/3/16 തുക 66,599/- |
| | LSG 3/15-16 തീയതി 23/3/16 തുക 3,24,069/- |
| ഗു.വിഹിതം | 1,09,125/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജ്ജൻ |

ഗ്രാമപഞ്ചായത്ത് പരിധിയിലെ മുൻവർഷങ്ങളിൽ ആനുകൂല്യം ലഭിക്കാത്ത 97 കുടുംബ ശ്രീ യൂണിറ്റുകൾക്ക് ഒരു യൂണിറ്റായി വളർത്തുന്നതിന് 50 മുട്ടക്കോഴികളെ വീതം നൽകുന്നതിന് വേണ്ടിയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. മേൽ ബിൽ പ്രകാരം 97യൂണിറ്റുകൾക്ക് മുട്ടക്കോഴികളെ വിതരണം ചെയ്യുന്നതിനായി ആകെ 4,99,793/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭ.വ തിരുവനന്തപുരം തീയതി 16/11/13 ഖ.3.2 പ്രകാരം കോഴിയുടെ വില, സ്പെസിഫിക്കേഷൻ തുടങ്ങിയ നിശ്ചയിക്കേണ്ടത് ജില്ലാ മൃഗസംരക്ഷണ വകുപ്പാണ്. ആയത് ഹാജരാക്കിയിട്ടില്ല. ഇത് കണക്കാക്കാതെയാണ് മുട്ടക്കോഴികളെ വാങ്ങി വിതരണം നടത്തിയത്.

മുട്ടക്കോഴികളെ വാങ്ങേണ്ടത് പ്രൊക്വയർമെന്റ് കമ്മിറ്റി മുഖേനയോ, അല്ലെങ്കിൽ പർച്ചേസിംഗ് കമ്മിറ്റി മുഖേനയോ, നിർവ്വഹണ ഉദ്യോഗസ്ഥന്റെ അനുവാദ പ്രകാരം ഗുണഭോക്താക്കൾ നേരിട്ടോ വാങ്ങാവുന്നതാണ്. വാങ്ങുന്ന പക്ഷിയുടെ ഗുണനിലവാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തണം. നിർവ്വഹണ ഉദ്യോഗസ്ഥൻ ടെണ്ടർ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്.

ഗുണഭോക്തൃവിഹിതം ചെലവഴിച്ചത് സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല. ക്യാഷ്ബുക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി സംബന്ധിച്ച് മോണിറ്ററിംഗ് തുടർമോണിറ്ററിംഗ് എന്നിവ നടത്തിയിട്ടില്ല. പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 224/2010/ 21.1.2010 | 17,25,000 | 14,62,134 | 2,50,500 | --- | 12,11,634 |
| കാരുണ്യ ഭവന പദ്ധതി | സ.ഉ(എം.എ) 83/13.ത.സ്വ.ഭ.വ /11.03.2013 | 2,00,00,000 | 1,39,99,000 | 20,00,000 | 9,96,850 | 1,19,99,000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക കണക്ക് പ്രകാരം

| | |
|---|---|
| വർഷം | 2015-16 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 10,00,000 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | -------- |
| ആകെ | 10,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ------- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,00,000 |

| നിക്ഷേപത്തിന്റെ വിവരം | തുക | രസീത് നം.തീയതി |
|---|---|---|
| വയനാട് ജില്ലാ സഹകരണ ബാങ്ക് കോറോം | 5,00,000 | 4533/30.01.16 |
| വയനാട് ജില്ലാ സഹകരണ ബാങ്ക് കോറോം | 5,00,000 | 7300/51807520007 /29.01.16 |
| ആകെ | 10,00,000 | |

## 4-6. ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 3- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

--ഇല്ല--

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 14,34,22,775 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 12,05,07,776 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 7,920 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 77,91,408 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 7,920 | ശ്രീ.ബൈജു.എ. അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 92999 | ശ്രീ.ഇ.കെ ബാലകൃഷ്ണൻ .സെക്രട്ടറി |
| 3-11 | 2,00,000 | ശ്രീ.ബൈജു.എ. അസി.എഞ്ചിനീയർ |
| 3-12 | 5,00,000 | ശ്രീമതി.രജനി.ജി.വി. കൃഷിഓഫീസർ |
| 3-13 | 2,60,000 | ഡോ .ടി.ശിവദാസൻ .വെറ്ററിനറിസർജൻ |
| 3-14 | 62,38,616 | ശ്രീ.മജീദ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 3-15 | 4,99,793 | ഡോ .ടി.ശിവദാസൻ, വെറ്ററിനറിസർജൻ |
| ആകെ | 77,91,408 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| | |
|---|---|
| ശ്രീ.ബൈജു. എ | അസിസ്റ്റന്റ് എഞ്ചിനീയർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.(ഡബ്ല്യൂ)പി3/836/2010/18.02.11 | 14 |
| 1997-98 | എൽ.എഫ്.(ഡബ്ല്യൂ).പി1/106/1999/07.03.99 | 22 |
| 1998-99 | എൽ.എഫ്.(ഡബ്ല്യൂ).പി3/196/08/13.03.99 | 3 |
| 1999-00 | എൽ.എഫ്.(ഡബ്ല്യൂ).പി3/40/08/12.03.2008 | 5 |
| 2000-01 (പ്ലാൻ) | എൽ.എഫ്.(ഡബ്ല്യൂ).പി4/98/06/29.10.06 | 5 |
| 2000-01 | എൽ.എഫ്.(ഡബ്ല്യൂ).പി3/568/05/04.08.06 | 5 |
| 2001-02 | എൽ.എഫ്.(ഡബ്ല്യൂ)പി3/595/06/03.04.07 | 5 |
| 2002-03 | എൽ.എഫ്.(ഡബ്ല്യൂ).പി3/871/09/19.11.2009 | 5 |
| 2003-04 | എൽ.എഫ്.(ഡബ്ല്യൂ).പി3/20/2009/26.03.09 | 8 |
| 2004-05 | എൽ.എഫ്.(ഡബ്ല്യൂ).പി3/484/08/12.11.08 | 6 |
| 2005-06 | എൽ.എഫ്.(ഡബ്ല്യൂ).പി3/415/09/11.03.10 | 10 |
| 2006-07 | എൽ.എഫ്.(ഡബ്ല്യൂ).പി3/418/09/16.02.11 | 13 |
| 2007-08 | എൽ.എഫ്.(ഡബ്ല്യൂ).പി2/977/14/10.06.15 | 14 |
| 2008-09 | എൽ.എഫ്.(ഡബ്ല്യൂ).പി2/894/14/25.03.13 | 27 |
| 2009-10 | എൽ.എഫ്.(ഡബ്ല്യൂ).പി3/362/12/21.3.13 | 25 |
| 2010-11 | എൽ.എഫ്.(ഡബ്ല്യൂ).പി2/191/13/22.08.13 | 14 |
| 2011-12, 2012-13 | എൽ.എഫ്.(ഡബ്ല്യൂ).പി3/978/14/18.05.15 | 15 |

| | | |
|---|---|---|
| 2013-14 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.പി2-97/15/11.11.15 | 15 |
| 2014-15 | കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.പി2.425/16 /24.06.2016 | |

ഡെപ്യൂട്ടി ഡറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# 1 a

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.(എ.ഡബ്ല്യൂ.വൈ.ഡി.)പി.2/852/2016 തിയ്യതി : 20.12.2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ.

പിൻ -673121

Phone- 04936 203672

Email- dowyd.ksad@kerala.gov.in

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൻെറ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ്

കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്
.

AUDIT CERTIFICATE

No. KSA.(WYD).P2/852/16 Dated.20.12.2016.

Kerala State Audit Department
District Audit Office
Wayanad, Kalpetta
Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of THONDERNADU GRAMAPANCHAYAT in WYANAD District for the year 2015-16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of THONDERNADU GRAMA PANCHAYAT in WYANAD for the year 2015-16 except the observations in my audit report properly present the picture of income and expenditure

Deputy Director
Kerala Stat Audit Department,
District office, Wayanad.